# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 10/10/2021


## വിദ്യാർത്ഥികളേയും യുവാക്കളേയും ലക്ഷ്യമിട്ട് കഞ്ചാവ് വിൽപ്പന നടത്തിയ 2 യുവാക്കൾ പോലീസ് പിടിയിൽ.

കൊല്ലം : വിദ്യാർത്ഥികൾക്കും യുവാക്കൾക്കും വിൽക്കുന്നതിനായി കഞ്ചാവ് കടത്തിക്കൊണ്ടുവന്ന 2 യുവാക്കൾ പിടിയിലായി . കൊല്ലം താലൂക്കിൽ വടക്കേവിള വില്ലേജിൽ കർപ്പൂരം ചേരിയിൽ പോളയത്തോട് വയലിൽതോപ്പ് നാഷണൽ നഗർ -52 ൽ ഗോവിന്ദൻ മകൻ രാജേന്ദ്രൻ (40), കൊല്ലം താലൂക്കിൽ വടക്കേവിള വില്ലേജിൽ കർപ്പൂരം ചേരിയിൽ പോളയത്തോട് വയലിൽതോപ്പ് നാഷണൽ നഗർ - 50ൽ ലക്ഷ്മണൻ മകൻ രഞ്ജിത് (40) എന്നിവരാണ് കൊല്ലം ഈസ്റ്റ് പോലീസിന്റെ പിടിയിലായത്. പിടിയിലായവരിൽ നിന്നും 105 ഗ്രാം കഞ്ചാവ് , കഞ്ചാവ് വിറ്റ് കിട്ടിയ 1690 രൂപ, ലഹരി ഉപയോഗത്തിനുള്ള സിറിഞ്ചുകൾ എന്നിവ കണ്ടെടുത്തു. ജില്ലയിൽ വിവിധ പോലീസ് സ്റ്റേഷനുകളിലും എക്സൈസിലും സമാനമായ കേസുകളിൽ പ്രതികളാണ് പിടിയിലായവർ. ബീച്ചുകൾ കോളേജുകൾ സ്ക്കൂൾ പരിസരങ്ങൾ എന്നിവ കേന്ദ്രീകരിച്ചാണ് ഇവർ കഞ്ചാവ് കച്ചവടം നടത്തുന്നത്. കൊല്ലം സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി ഐ.പി.എസിന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ




കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ ആർ രതീഷ എസ്.ഐ മാരായ ഹരിദാസ് , ബാലചന്ദ്രൻ , എ.എസ്.ഐ ഉണ്ണിക്കൃഷ്ണൻ, എസ്.സി.പി.ഒ ജലജ , സി.പി.ഒ രമേശ് എന്നിവരാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.അറസ്റ്റിലായ പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തു.

## ക്വാറന്റൈൻ ലംഘനത്തിന് ഒരാഴ്ചക്കിടെ 113 പേരെ അറസ്റ്റ് ചെയ്തു ശക്തമായ നടപടികളുമായി കൊല്ലം സിറ്റി പോലീസ്.

കൊല്ലം : കൊവിഡ് സമ്പർക്ക വ്യാപനം തടയുന്നതിന്റെ ഭാഗമായി ക്വാറന്റൈൻ ലംഘിച്ചതിന് കൊല്ലം സിറ്റി പോലീസ് കഴിഞ്ഞ ഒരാഴ്ചക്കുള്ളിൽ 113 പേരെ അറസ്റ്റ് ചെയ്തു.ക്വാറന്റൈൻ ലംഘനം വ്യാപിച്ചുവരുന്ന സാഹചര്യത്തിൽ പ്രത്യേക പരിശോധനയിലൂടെയാണ് നിരവധി പേർ പിടിയിലായത്. നിരന്തരം പോലീസ് നടത്തിയ നിരീക്ഷണവും ക്വാറന്റൈൻ പരിശോധനയും ക്വാറന്റൈൻ ലംഘനം കുറക്കാൻ സാധിച്ചതായി കൊല്ലം സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി ഐ.പി.എസ്. അറിയിച്ചു. കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ ക്വാറന്റൈനിലിരിക്കെ പൊതു സമൂഹത്തിൽ ഇറങ്ങി നടന്ന് കൊവിഡ് വ്യാപിപ്പിക്കാൻ ശ്രമിച്ച 13 പേരെയാണ് കൊല്ലം സിറ്റി പോലീസ് പിടികൂടിയത്. ഇവർക്കെതിരെ പകർച്ചവ്യാധി പ്രതിരോധ നിയമ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ഡൊമിസിലിയറി കെയർ സെന്ററിലേക്ക് മാറ്റി. കൊല്ലം ഈസ്റ്റ് , കൊല്ലം വെസ്റ്റ്, അഞ്ചാലുമ്മൂട്, ശക്തികുളങ്ങര ഇരവിപുരം, കിളികൊല്ലൂർ, ചാത്തന്നൂർ , പാരിപ്പള്ളി, ഓച്ചിറ എന്നീ പോലീസ് സ്റ്റേഷനുകളിൽ ഓരോരുത്തർ വീതവും കരുനാഗപ്പള്ളി , ചവറ എന്നീ പോലീസ് സ്റ്റേഷനുകളിൽ 2 പേർ വീതവുമാണ് ക്വാറന്റൈൻ ലംഘനത്തിന് പോലീസ് നടപടി നേരിടേണ്ടി വന്നത്. സർക്കാർ നൽകിയ ഇളവുകൾ ദുരുപയോഗം ചെയ്ത് കൊവിഡ് വ്യാപനം വർദ്ധിക്കുന്നതിന് കാരണമാകുന്ന പ്രവർത്തികളിലേർപ്പെടുന്നവർക്കെതിരെ വരും ദിവസങ്ങളിലും ശക്തമായ നടപടികൾ സ്വീകരിക്കുമെന്ന് കൊല്ലം സിറ്റി പോലീസ് അറിയിച്ചു.